# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം:- ശ്രീ.വി.എൻ. ജിതേന്ദ്രൻ)

തിരുവനന്തപുരം,

ഉത്തരവ് നമ്പർ.E7-30379/14 തീയതി:05-09-2014.

---

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം/സ്ഥലമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.സാമൂഹ്യനീതി ഡയറക്ടറുടെ 22-02-2006ലെ ഇ11(4)/24893/2005 നം.ഉത്തരവ്.
2.സാമൂഹ്യനീതി ഡയറക്ടറുടെ 12-03-2009ലെ ഇ9/46073/2008 നം.ഉത്തരവ്.
3.ജി.ഒ(പി)നം.54/2010/SWD തീയതി: 10.8.2010
4.സാമൂഹ്യനീതി ഡയറക്ടറുടെ 08-05-2014ലെ ഇ5/15285/2014 നം.ഉത്തരവ്.
5.സാമൂഹ്യനീതി ഡയറക്ടറുടെ 26-08-2014ലെ ഇ7/29976/2014 നം.ഉത്തരവ്.
6.സാമൂഹ്യനീതി ഡയറക്ടറുടെ 10-06-2014ലെ ഇ8/39687/2012 നം.ഉത്തരവ്.

പരാമർശം 5 ലെ ഉത്തരവ് പ്രകാരം വകുപ്പിൽ ഹെഡ് അക്കൗണ്ട് തസ്തികയിൽ 4 ഒഴിവുകളും പരാമർശം 4ലെ ഉത്തരവ് പ്രകാരം ഹെഡ് അക്കൗണ്ട് തസ്തികയിലെ ശ്രീമതി. എസ്.മീനയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തത് മൂലം ഉണ്ടായ ഒരു താത്കാലിക ഒഴിവും ചേർത്ത് ആകെ അഞ്ച് ഒഴിവുകൾ നിലവിലുണ്ട്. പരാമർശം (1), (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് വിശേഷാൽ ചട്ടം 2010ൽ ഉൾപ്പെട്ടിട്ടുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേക്ക് ബൈ-ട്രാൻസ്ഫർ മുഖേന പരാമർശം (6) ലെ ഉത്തരവ് പ്രകാരം താൽക്കാലിക ഉദ്യോഗക്കയറ്റം നൽകുകയുണ്ടായി. പരാമർശം (3)ലെ വിശേഷാൽ ചട്ടം ഖണ്ഡിക 13 പ്രകാരം അവരുടെ ആദ്യചാനലിലേയ്ക്ക് മടങ്ങിപോകുവാൻ താൽപര്യപ്പെടുന്നപക്ഷം ഓപ്ഷൻ നൽകേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ 1 മുതൽ 4 വരെ പേര് ചേർത്തിട്ടുള്ള ജീവനക്കാർ മാതൃസർവ്വീസായ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലേയ്ക്ക് ഓപ്ഷൻ നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരാമർശം (1), (2) പ്രകാരമുള്ള സീനിയർ ക്ലാർക്ക്മാരുടെ മുൻഗണനാപട്ടികയിൽ നിന്നും ചുവടെ ചേർക്കുന്ന 5 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

1.ശ്രീ. എസ്.ജാഫർഖാൻ (പരാമർശം 1ലെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 101)

2.ശ്രീ.എം.എൻ.ദീപു (പരാമർശം 2 ലെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 20)

3.ശ്രീമതി.എം.വി.സ്മിത (പരാമർശം 2 ലെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 21)

4.ശ്രീമതി.റ്റി.ചിത്ര (പരാമർശം 2 ലെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 22)

5.ശ്രീമതി.ശ്രീജാചന്ദ്രൻ (പരാമർശം 2 ലെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 23)

ടി ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള ജീവനക്കാരെ KS & SSR ചട്ടം 28 എ (1) പ്രകാരവും, ക്രമ നമ്പർ 5ലെ ജിവനക്കാരിയെ KS & SSR ചട്ടം 31 എ (1) പ്രകാരം താൽകാലികമായും (സസ്പെൻഡ് ചെയ്ത ഒഴിവിൽ ) 14620 - 25280 രൂപ ശമ്പള സ്കെയിലിൽ ഹെഡ്അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ പേരിനെ നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചുകൊണ്ടും, നിലവിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ജോലി ചെയ്ത് വരുന്ന മൂന്ന് ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഭരണപരമായ സൗകര്യാർത്ഥംസ്ഥലം മാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. സസ്പെൻഡ് ചെയ്യപ്പെട്ട വ്യക്തി സർവ്വീസിൽ പുനപ്രവേശിക്കുന്ന പക്ഷം ഏറ്റവും ജൂനിയറെ റിവർട്ട് ചെയ്യുന്നതുമായിരിക്കും.

**സ്ഥലമാറ്റം**

| ക്രമ. നം | ജീവനക്കാരുടെ പേര്, തസ്തിക, ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | സ്ഥലംമാറ്റി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ.അബ്ദുൾ ഹമീദ്.ഇ, ഹെഡ് അക്കൗണ്ടന്റ്, ജില്ലാ സാമൂഹ്യനീതി ഓഫീസ്, ഇടുക്കി. | ഹെഡ് അക്കൗണ്ടന്റ്, ജില്ലാതല ഐ.സി.ഡി.എസ് സെൽ വയനാട് | (അപേക്ഷ) |
| 2 | ശ്രീമതി.സജിത.വി.റ്റി, ഹെഡ് അക്കൗണ്ടന്റ്, ഐ.സി.ഡി.എസ് കൊല്ലങ്കോട് | ഹെഡ് അക്കൗണ്ടന്റ്, ഐ.സി.ഡി.എസ് വടക്കാഞ്ചേരി | (അപേക്ഷ) |
| 3 | ശ്രീ.ക്രിസ്റ്റി.സി.ഉതുപ്പ്, ഹെഡ് അക്കൗണ്ടന്റ്, ഐ.സി.ഡി.എസ് വടക്കാഞ്ചേരി | ഹെഡ് അക്കൗണ്ടന്റ്, ഐ.സി.ഡി.എസ് കൊല്ലങ്കോട് | (ഭരണപരം) |

**ഉദ്യോഗക്കയറ്റം**

| ക്രമ. നം | ജീവനക്കാരുടെ പേര്, തസ്തിക, ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം/ചുമതല ക്രമീകരണം |
|---|---|---|---|
| 1 | ശ്രീ. എസ്.ജാഫർഖാൻ, സീനിയർ ക്ലാർക്ക്, സാമൂഹ്യനീതി ഡയറക്ടറേറ്റ്, | ഹെഡ്അക്കൗണ്ടന്റ്, ഐ.സി.ഡി.എസ് പട്ടണക്കാട് | (ഉദ്യോഗക്കയറ്റം) |
| 2 | ശ്രീ.എം.എൻ.ദീപു സീനിയർ ക്ലാർക്ക്, ( RAD ഓഫീസ്) എറണാകുളം | ഹെഡ് അക്കൗണ്ടന്റ്, ജില്ലാ സാമൂഹ്യനീതി ഓഫീസ്, ഇടുക്കി. | (ഉദ്യോഗക്കയറ്റം) |
| 3 | ശ്രീമതി.എം.വി.സ്മിത (സീനിയർ ക്ലാർക്ക്, ചിൽഡ്രൻസ് ഹോം എറണാകുളം) | ഹെഡ്അക്കൗണ്ടന്റ്, ഐ.സി.ഡി.എസ് ചേളന്നൂർ | (ഉദ്യോഗക്കയറ്റം) |
| 4 | ശ്രീമതി.റ്റി.ചിത്ര സീനിയർ ക്ലാർക്ക്, തിരുവനന്തപുരം അർബൻ-1 | ഹെഡ്അക്കൗണ്ടന്റ്, ഐ.സി.ഡി.എസ് പാറശ്ശാല | (ഉദ്യോഗക്കയറ്റം) |
| 5 | ശ്രീമതി.ശ്രീജാചന്ദ്രൻ സീനിയർ ക്ലാർക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ്, | ഹെഡ്അക്കൗണ്ടന്റ്, ഐ.സി.ഡി.എസ് ഭരണിക്കാവ് | (ഉദ്യോഗക്കയറ്റം) |

ടി ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയമേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ്:-

1. ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഇടുക്കി, തിരുവനന്തപുരം, കോഴിക്കോട്.
2. ജില്ലാ പ്രോഗ്രാം ഓഫീസർ,, വയനാട്.
3. ശിശുവികസന പദ്ധതി ഓഫീസർ, പാറശ്ശാല, ഭരണിക്കാവ്, പട്ടണക്കാട്, ചേളന്നൂർ, കൊല്ലങ്കോട്, വടക്കാഞ്ചേരി.
4. ഇ1 മുതൽ ഇ9 വരെ
5. സൂപ്രണ്ട്, ബി-സെക്ഷൻ.
6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Abdul Kalam

സൂപ്രണ്ട്

JBS/14